File No.LSGD-EPA1/540/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.എ.സലിമിന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.559/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/02/2021

---

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ശ്രീ.എ.സലിമിന്റെ 18.05.2015ലെ ശൂന്യവേതനാവധിയപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 20.10.2015, 07.05.2016 എന്നീ തീയതികളിലെ ഇ6-23007/2009, ലെ 25.08.2020 എന്നീ തീയതികളിലെ ഇ6-67/19 നമ്പർ കത്തുകൾ.

ഉത്തരവ്

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.എ.സലിമിന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് വ്യക്തിപരമായ ആവശ്യത്തിന് ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.എ.സലിം 11/04/2012 മുതൽ 04/11/2014 വരെയുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, 05.11.2014 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടുണ്ട്.അനധികൃത ഹാജരില്ലായ്മക്ക് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ടിയാന്റെ ശമ്പള വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത സ്വഭാവമില്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.എ.സലിമിന്റെ 06/02/2004 മുതൽ 15/08/2004 വരെ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 (ii) ൽ ഇളവ് വരുത്തിയും, 31/05/2011 മുതൽ 06/10/2011 വരെയും, 18/10/2011 മുതൽ 16/03/2012 വരെയും, 11/04/2012 മുതൽ 04/11/2014 വരെയുമുള്ള കാലയളവ് കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരവും, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.എ.സലി:ം, ക്ലാർക്ക്, ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(11.01.2021 ലെ റൂൾസ് ബി2/31/2016/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(540/ഇപിഎ1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danujith

സെക്ഷൻ ഓഫീസർ